റോഡുപണി.

144. [12] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കിപ്രദേശത്തേക്ക് എറണാകുളത്തുനിന്നും ഒരു റോഡു പണിയാൻ ആലോചനയുണ്ടോ ;

(ബി) പ്രസ്തുത റോഡ്, ചോറ്റാനിക്കര, മുളന്തുരുത്തി, പിറവം വഴിയുള്ള ഇപ്പോഴത്തെ റോഡു വികസിപ്പിച്ചു അതിന്റെ തുടർച്ചയെന്ന നിലക്ക് കൊണ്ടുപോകുന്നതു് ആണ് ഉത്തമമെന്ന് കാണിച്ചു അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതേപ്പറ്റിയുള്ള ഗവണ്മെന്റിന്റെ അഭിപ്രായമെന്താണ് ;

(ഡി) ഈ റോഡിന്റെ കാര്യത്തിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു് ?

ഉത്തരം.

(എ) യന്ത്രസാമഗ്രികളും മറ്റുപകരണങ്ങളും കൊണ്ടുപോകുന്നതിനു വേണ്ടി എറണാകുളത്തുനിന്നും ഇടുക്കിയിലേക്ക് ഒരു റോഡു വെട്ടാൻ ആലോചനയുണ്ട്.

(ബി) അപേക്ഷ ലഭിച്ചിട്ടുണ്ട്.

(സി) ഈ കാര്യത്തിൽ ഒരു അവസാനതീരുമാനമെടുത്തിട്ടില്ല.

(ഡി) ദൂരക്കുറവു്, പൊന്നുംവിലക്കെടുക്കേണ്ടിവരുന്ന വസ്തുവിന്റെ വീസ്തീർണ്ണം, പണിയുടെ ചെലവു് മുതലായവ കണക്കിലെടുത്തുകൊണ്ടു മാത്രമേ ഈ കാര്യത്തിൽ ഒരു അവസാനതീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

പൊതുമരാമത്തുപണികൾക്ക് ചെലവഴിച്ച തുക.

145. [13] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963–64–ൽ ഡിസംബർ അവസാനംവരെ ഓരോ ജില്ലയിലും പൊതുമരാമത്തു് പണികൾക്ക് ചിലവഴിച്ച തുകയെത്ര ;

(ബി) ഈ കാലയളവിൽ എത്ര പണികൾ തുടങ്ങുകയും പൂർത്തിയാക്കുകയുംചെയ്തു ;

(സി) ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്ന എത്ര വർക്കുകളുടെ പണി തുടങ്ങാതെയുണ്ട് ; വക കൊള്ളിക്കാത്ത എത്ര പണികൾ ആരംഭിച്ചിട്ടുണ്ട്; അതു് ഓരോജില്ലയിലും ഏതെല്ലാമാണ് ;

(ഡി) ഈ വർഷത്തിൽ എറണാകുളം പി. ഡബ്ലിയു. ഡി. എക്സിക്യൂട്ടീവു് എഞ്ചിനീയറുടെ കീഴിൽ എത്ര ബഡ്ജറ്റു് വർക്കുകളുടെ പണിയാരംഭിച്ചു; ആവശ്യപ്പെട്ട തുകയും അനുവദിച്ച തുകയും എത്ര ?

ഉത്തരം.

(എ) ഓരോ റവന്യൂജില്ലയിലും ചിലവാക്കിയ തുകയുടെ കണക്ക് എടുത്തിട്ടില്ല. എന്നാൽ ഓരോ പി. ഡ്ലിയു. ഡി. ഡിവിഷനിലും ചിലവാക്കിയ തുകയുടെ ഒരു ലിസ്റ്റു് ഇതോടൊന്നിച്ചു് വച്ചിട്ടുണ്ട് *

(ബി, സി, ഡി) വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു.

* Appendix II

LIBRARY ARCHIVES Kerala Legislative Assembly